## പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം:** പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - അക്കൗണ്ടന്റ് തസ്തികയിലേക്ക് - സീനിയർ ക്ലാർക്കുമാരുടെ താൽപ്പര്യപത്രം - റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:**
1. സ.ഉ.(എം.എസ്.)നം.118/09/തസ്വഭവ തീയതി 26.09.2009.
2. സ.ഉ.(എം.എസ്.)നം.50/2013/തസ്വഭവ തീയതി 06.02.2013.
3. പഞ്ചായത്ത് ഡയറക്ടറുടെ 03.07.2009-ലെ ഇ13-16001/2009 നമ്പർ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 20.04.2013-ലെ ഇ13-3909/2012 നമ്പർ സർക്കുലർ.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.04.2018-ലെ എ1-21/2018/പി.സി.എൻ.എസ്.ജി.ഡി. നമ്പർ കത്ത്.

### ഉത്തരവ് നമ്പർ ഇ13-13863/2018 തീയതി:21.05.2018.

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് പരാമർശം (1), (2) പ്രകാരം ഉത്തരവായിരുന്നു. ടി അക്കൗണ്ടന്റ് തസ്തിക ഹെഡ്ക്ലാർക്ക് തസ്തികയയ്ക്ക് തത്തുല്യമായും, സമാന ശമ്പള സ്കെയിലിലും, സീനിയർ ക്ലാർക്കുമാരുടെ ഉദ്യോഗക്കയറ്റ തസ്തികയുമായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്.

പുതുതായി സൃഷ്ടിക്കപ്പെട്ട അക്കൗണ്ടന്റ് തസ്തിക പഞ്ചായത്തിലെ അക്കൗണ്ട് സംബന്ധമായ ജോലികൾ മാത്രം ചെയ്യുന്ന തസ്തികയായതിനാൽ ടി തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ടി കാലയളവിൽ നിലവിലുള്ള ഹെഡ്ക്ലാർക്കുമാർ, സീനിയർമാരായ സീനിയർ ക്ലാർക്കുമാർ എന്നിവരിൽ നിന്ന് ക്ഷണിക്കുന്ന നിശ്ചിത മാതൃകയിലുള്ള ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിരുന്ന ഉത്തരവിൽ പറഞ്ഞിരുന്നു. ഇങ്ങനെ നിയമനം നടത്തിയപ്പോൾ സീനിയറായ ജീവനക്കാർ അക്കൗണ്ടന്റ് തസ്തികയിലും പഞ്ചായത്ത് ഭരണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന കേഡർ തസ്തികയായ ഹെഡ്ക്ലാർക്ക് തസ്തികയിൽ ജൂനിയറായ ജീവനക്കാരും നിയമിക്കപ്പെട്ടു. ഈ അനോമലി പരിഹരിക്കുന്നതിനായി ഈ ആഫീസിൽ നിന്നും പരാമർശം (4) സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം (4) സർക്കലുർ പ്രകാരം സീനിയറായ ജീവനക്കാരെ ഹെഡ്ക്ലാർക്ക് തസ്തികയിൽ നിലനിർത്തി അക്കൗണ്ടന്റ് തസ്തികയിൽ ഓപ്ഷൻ മുഖാന്തിരം ജൂനിയർമാർക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്ന വ്യവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം ഓപ്ഷൻ നൽകി താൽക്കാലികമായി അക്കൗണ്ടന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നവർക്കും അക്കൗണ്ടന്റ് തസ്തികയിൽ ഓപ്ഷൻ നൽകാതെ സീനിയർ ക്ലാർക്കായി തുടരുന്നവർക്കും സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പരിഗണിച്ചുമാത്രമേ ഹെഡ്ക്ലാർക്ക് തസ്തികയിലേക്ക് റെഗുലർ പ്രൊമോഷൻ ലഭിക്കുകയുള്ളൂ. ഹെഡ്ക്ലാർക്ക് തസ്തികയിൽ സീനിയർ ക്ലാർക്ക് സീനിയോറിറ്റി സംരക്ഷിച്ചുകിട്ടുന്നതുകൊണ്ട് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഓപ്ഷൻ നൽകാതെ സീനിയർക്ലാർക്കായി തുടരുന്ന നിരവധി ജീവനക്കാർ വകുപ്പിലുണ്ട്.

നിലവിൽ അക്കൗണ്ടന്റ് തസ്തികയിൽ പ്രവൃത്തി പരിചയമില്ലാതെ ഹെഡ്ക്ലാർക്ക് തസ്തികയിലേക്കും മുകളിലോട്ടുമുള്ള മറ്റ് തസ്തികകളിലേക്കും സ്ഥാനക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് അക്കൗണ്ടിംഗ് ഉൾപ്പെടെയുള്ള ആഫീസ് പ്രവർത്തനങ്ങളിൽ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ആഫീസുകളിലെ അക്കൗണ്ടന്റ്മാരുടെ പ്രവർത്തനങ്ങൾക്ക് ആഫീസ്തല അംഗീകാരം

നൽകാൻ ചുമതലപ്പെട്ട മുകളിലെ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് അക്കൗണ്ടിംഗ് പരിജ്ഞാനവും അത്യന്താപേക്ഷിതമാണെന്ന് കാണുന്നു. ആയതിനാൽ ഹെഡ്ക്ലാർക്ക് തസ്തികമുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും അക്കൗണ്ട് സംബന്ധമായ ജോലികളും നിർബന്ധമായും അറിഞ്ഞിരിക്കുന്നത് ഗ്രാമപഞ്ചായത്ത് ആഫീസുകളുടെ പ്രവർത്തനങ്ങളിലെ കാര്യശേഷിക്കും കാലതാമസം കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ഗുണകരമാണ് എന്നും കാണുന്നു. ആയത് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സാംഖ്യ സോഫ്റ്റ് വെയർ സംബന്ധിച്ച് എല്ലാ സീനിയർ ക്ലാർക്കുമാർക്കും കൃത്യവും സമയബന്ധിതവുമായ പരിശീലനവും നൽകേണ്ടതുണ്ട്.

പരാമർശം (5) കത്ത് പ്രകാരം പഞ്ചായത്ത് വകുപ്പുൾപ്പെടെ 5 വകുപ്പുകളുടെ സംയോജനം നടപ്പിലാക്കുന്ന ലോക്കൽ ഗവൺമെന്റ് കമ്മീഷൻ പ്രിൻസിപ്പൽ ഡയറക്ടറുടെ ആഫീസിൽ നിന്ന് വകുപ്പിലെ എല്ലാ തസ്തികകളുടെയും സീനിയോറിറ്റി ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. വകുപ്പിലെ അക്കൗണ്ടന്റ് ഹെഡ്ക്ലാർക്ക് തസ്തികകൾ തത്തുല്യവും ഒരേ ശമ്പളസ്കെയിലിലുള്ളതുമാണ്. ആയതുകൊണ്ടുതന്നെ അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് തസ്തികകൾ സമാനമാണെന്ന വസ്തുത പരിഗണിച്ച് സീനിയോറിറ്റി ലിസ്റ്റ് വെവ്വേറെയല്ലാതെ ഒരുമിച്ച് നൽകേണ്ടതുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റ് നൽകുമ്പോൾ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുള്ളതും എന്നാൽ ഓപ്ഷൻ നൽകാത്തതിനാൽ സീനിയർക്ലാർക്കായി തുടരുന്നതുമായ നിരവധി ജീവനക്കാർ വകുപ്പിലുണ്ട്. ഇത്തരം സാഹചര്യത്തിൽ തസ്തിക അടിസ്ഥാനത്തിലുള്ള പ്രത്യേകം പ്രത്യേകം സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കുമ്പോൾ ഉദ്യോഗസ്ഥരുടെ ഫീഡർ തസ്തികയിലെ സീനിയോറിറ്റി നഷ്ടപ്പെടാതെ സംരക്ഷിച്ചുനൽകേണ്ട സാഹചര്യമുണ്ട്. ഈ അനോമലി പരിഹരിക്കുന്നതിനായി വകുപ്പിൽ അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിന് താൽക്കാലികമായി നിശ്ചയിച്ച് നിലവിലുള്ള ഓപ്ഷൻ സമ്പ്രദായം റദ്ദ് ചെയ്തുകൊണ്ട് സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പ്രകാരം അക്കൗണ്ടന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച് പരാമർശ(4) സർക്കുലർ ഭേദഗതി ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ഇതോടൊപ്പം മുകളിൽ പരാമർശിച്ച സർക്കുലർ പ്രകാരം സീനിയറായ അക്കൗണ്ടന്റ്മാരെ ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരിവർത്തനം ചെയ്ത് നിയമിക്കുന്ന രീതി മറ്റൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നിലവിലുള്ള അതേ രീതിയിൽ തുടരുന്നതുമാണ്.

*(ഒപ്പ്)*

**പി.മേരിക്കുട്ടി.ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

**പകർപ്പ്:**

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
4. ഡയറക്ടർ/അഡീഷണൽ ഡയറക്ടർമാരുടെ സി.എ.യ്ക്ക്
5. കരുതൽ/അധികം

**ആജ്ഞാനുസരണം**

[signature]

**സൂപ്രണ്ട്**